**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1877** 05-07-2022 - ൽ മറുപടിയ്ക്ക്

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി. അബ്ദുറഹിമാൻ (കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിൽ ഏതെല്ലാം കായിക ഇനങ്ങളുടെ പരിശീലനമാണ് നൽകി വരുന്നത്; സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകളാണ് പ്രവർത്തിക്കുന്നത്; ഇതിൽ എത്ര ഹോസ്റ്റലുകളിൽ പെൺകുട്ടികൾക്ക് അഡ്മിഷൻ നൽകുന്നുണ്ട്; | (എ) | **കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 23 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹാന്റ് ബോൾ, ബാസ്കറ്റ് ബോൾ, ബോക്സിംഗ്, ഖോ-ഖോ, റസ്‌ലിംഗ്, തായ്ക്വോണ്ടോ, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കബഡി, ഹോക്കി, നെറ്റ് ബോൾ, സോഫ്റ്റ് ബോൾ, വോളിബോൾ,റോവിംഗ്, ആർച്ചറി, ഫെൻസിംഗ്, ജൂഡോ, വെയ്റ്റ് ലിഫ്റ്റിംഗ് എന്നീ കായികയിനങ്ങളിൽ പരിശീലനം നൽകി വരുന്നു. 2021-22 വർഷം 63 സ്പോർട്സ് അക്കാഡമികളിൽ പെൺകുട്ടികൾക്ക് അഡ്മിഷൻ നൽകിയിരുന്നു.** |
| (ബി) | സ്പോർട്സ് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, പ്രൊഫഷണൽ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് തിരിച്ചുള്ള എണ്ണം ലഭ്യമാണോ; ഇതിൽ ഓരോന്നിലെയും പെൺകുട്ടികളുടെ എണ്ണം ലഭ്യമാക്കാമോ; | (ബി) | **കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് അക്കാഡമികളിൽ എട്ടാം ക്ലാസ് മുതലുള്ള കുട്ടികൾക്കാണ് പ്രവേശനം അനുവദിച്ചു വരുന്നത്. 2021-22 അദ്ധ്യയന വർഷത്തിൽ ജില്ലാ സ്പോർട്സ് അക്കാഡമികളിൽ ആൺ, പെൺ വിഭാഗങ്ങളിലായി 1023 കുട്ടികൾക്കും കോളേജ് സ്പോർട്സ് അക്കാഡമികളിലേക്ക് ആകെ 796 കുട്ടികൾക്കും സ്കൂൾ സ്പോർട്സ് അക്കാഡമികളിലേയ്ക്ക് ആകെ 218 കുട്ടികൾക്കും പ്രവേശനം അനുവദിച്ചിരുന്നു. ഇതിൽ ജില്ലാ സ്പോർട്സ് അക്കാഡമികളിൽ 333 പെൺകുട്ടികൾക്കും കോളേജ് സ്പോർട്സ് അക്കാഡമികളിൽ 331 പെൺകുട്ടികൾക്കും സ്കൂൾ സ്പോർട്സ് അക്കാഡമികളിൽ 42 പെൺകുട്ടികൾക്കുമാണ് അഡ്മിഷൻ നൽകിയിരുന്നത്.**<br><br>**2022-23 അദ്ധ്യയന വർഷത്തിൽ വിവിധ സ്പോർട്സ് അക്കാഡമികളിലേക്ക് കായിക താരങ്ങൾക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

| | | | |
|---|---|---|---|
| (സി) | ഇവരുടെ ഓരോ ആഴ്ചയിലെയും പരിശീലന സമയവും ഭക്ഷണ ക്രമവും നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | **സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് എല്ലാ ആഴ്ചയിലെയും പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 6.30 മുതൽ 8.30 വരെയും വൈകുന്നേരം 4.30 മുതൽ 6.30 വരെയും പരിശീലനം നൽകി വരുന്നു. എല്ലാ ദിവസവും കായിക താരങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി നിഷ്കർഷിച്ചിരിക്കുന്ന ഭക്ഷണക്രമം സംബന്ധിച്ച് വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

# KERALA STATE SPORTS COUNCIL

## SPORTS HOSTEL MENU

| DAY | 5.30 AM | 8.30 AM | 12.30 PM | 4.00 PM | 6.30 PM | 7.30 PM |
|---|---|---|---|---|---|---|
| തിങ്കൾ | ബെഡ് കോഫി | ദോശ, ചമ്മന്തി, മുട്ട (2)<br>പാൽ, ഏത്തൻപഴം, ബൂസ്റ്റ് | ചോറ്, പരിപ്പ്, പപ്പടം,<br>അവിൽ, മീൻകറി, അച്ചാർ,<br>തൈര് | ചായ<br>വട/പഴംപൊരി | ജ്യൂസ്<br>(ഓറഞ്ച്) | ചപ്പാത്തി, ബീഫ്, ചോറ്<br>സലാഡ്, രസം, തോരൻ<br>ആപ്പിൾ, കപ്പലണ്ടി |
| ചൊവ്വ | ബെഡ് കോഫി | ഉപ്പുമാവ്, കറി, മുട്ട (2)<br>പാൽ, ഹോർലിക്സ്<br>ഏത്തൻപഴം | ചോറ്, പരിപ്പ്, പുളിശ്ശേരി,<br>മീൻ ഫ്രൈ,<br>തോരൻ, അച്ചാർ | ചായ<br>വട/പഴംപൊരി | ജ്യൂസ്<br>(മുന്തിരി) | ചപ്പാത്തി, ചിക്കൻ,<br>ചോറ്, സലാഡ്, രസം<br>തോരൻ, ഓറഞ്ച്, ബദാം |
| ബുധൻ | ബെഡ് കോഫി | ഇഡലി, സാമ്പാർ, മുട്ട (2)<br>പാൽ, ബൂസ്റ്റ്<br>ഏത്തൻപഴം | ചോറ്, പരിപ്പ്, പപ്പടം,<br>മീൻകറി, അച്ചാർ, തൈര്<br>അവിയൽ | ചായ<br>വട/പഴംപൊരി | ജ്യൂസ്<br>(മൊസമ്പി) | ചപ്പാത്തി, ബീഫ്, ചോറ്<br>സലാഡ്, രസം, തോരൻ<br>ഗ്രേപ്സ്, അണ്ടിപ്പരിപ്പ് |
| വ്യാഴം | ബെഡ് കോഫി | പുട്ട്, കടല , മുട്ട (2)<br>പാൽ, ഹോർലിക്സ്,<br>ഏത്തൻപഴം | ചോറ്, പപ്പടം, പുളിശ്ശേരി<br>തോരൻ, മീൻ ഫ്രൈ, | ചായ<br>വട/പഴംപൊരി | ജ്യൂസ്<br>(ഓറഞ്ച്) | മട്ടൻ ബിരിയാണി<br>സലാഡ്, അച്ചാർ,<br>പപ്പടം, പൂവൻപഴം |
| വെള്ളി | ബെഡ് കോഫി | ഇഡലി സാമ്പാർ, മുട്ട (2)<br>പാൽ, ബൂസ്റ്റ്<br>ഏത്തൻപഴം | ചോറ്, പരിപ്പ്,<br>മീൻകറി, അച്ചാർ<br>തോരൻ, തൈര് | ചായ<br>വട/പഴംപൊരി | ജ്യൂസ്<br>(മുന്തിരി) | ചപ്പാത്തി, ചിക്കൻ,ചോറ്<br>സലാഡ്, രസം, തോരൻ<br>ഓറഞ്ച്, ബദാം |
| ശനി | ബെഡ് കോഫി | പൂരി, കറി, മുട്ട (2)<br>പാൽ, ഹോർലിക്സ് ,<br>ഏത്തൻപഴം | ചോറ്, പരിപ്പ്, സാമ്പാർ,<br>മീൻ ഫ്രൈ, കപ്പ,<br>തോരൻ, അച്ചാർ | ചായ<br>വട/പഴംപൊരി | ജ്യൂസ്<br>(മൊസമ്പി) | ചപ്പാത്തി, ബീഫ്, ചോറ്<br>സലാഡ്, രസം, തോരൻ<br>ആപ്പിൾ, കപ്പലണ്ടി |
| ഞായർ | ബെഡ് കോഫി | ബ്രഡ്, ജാം, മുട്ട (2)<br>പാൽ, ബൂസ്റ്റ്<br>ഏത്തൻപഴം | ചിക്കൻ ബിരിയാണി<br>സലാഡ്, അച്ചാർ, പായസം,<br>പപ്പടം | ചായ<br>വട/പഴംപൊരി | ജ്യൂസ്<br>(ഓറഞ്ച്) | ചപ്പാത്തി, Veg. Cury, ചോറ്,<br>സലാഡ്, രസം, തോരൻ<br>ഗ്രേപ്സ്, അണ്ടിപ്പരിപ്പ്<br>മീൻ വറുത്തത് |

പാൽ – 200 മി.ഗ്രാം, ചിക്കൻ – 200 ഗ്രാം, ബീഫ് – 200 ഗ്രാം, മട്ടൻ – 200 ഗ്രാം,

Rajeev Pillai
സെക്ഷൻ ഓഫീസർ